കാസർഗോഡ്, കെ. എസ്. ആർ. ടി. സി.-യുടെ നിയന്ത്രണത്തിലുള്ള എസ്.സി.ടി. കോളേജ്, തിരുവനന്തപുരം, സ്വകാര്യ സ്വാശ്രയ സ്ഥാപനമായ എം. ഇ. എസ്. കോളേജ്, കുറ്റിപ്പുറം എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

(സി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ ഒരു സ്വയം ഭരണസ്ഥാപനം ആയിരിക്കണം. കൂടാതെ സ്ഥാപനത്തിനുവേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ, ലൈബ്രറി, ലബോറട്ടറി എന്നിവയും മെച്ചപ്പെട്ട രീതിയിൽ ഉണ്ടായിരിക്കണം. വിവിധ സൗകര്യങ്ങളും സാഹചര്യങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

എക്സ്പ്രസ് ഹൈവേയ്ക്ക് സാമ്പത്തിക സഹായം നിഷേധിക്കാൻ കാരണം

6 (*737) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേയ്ക്ക് സാമ്പത്തിക സഹായം നൽകേണ്ടതില്ലെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ ഈ സഹായത്തിൽ നിന്നും ഒഴിവാക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(സി) കേന്ദ്ര സഹായം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ-സി) കേന്ദ്ര സർക്കാരിന്റെ പക്കൽ എക്സ്പ്രസ് വേ നിർമ്മാണത്തിന് സഹായം നൽകുന്ന പദ്ധതികളൊന്നും ഇല്ല. നാം സഹായത്തിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടില്ല. നിർദ്ദിഷ്ട പദ്ധതിയുടെ ധനപരമായ ചട്ടക്കൂട് ഏത് രീതിയിലായിരിക്കണമെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണിരിക്കുന്നത്.

ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ആക്ഷൻ പ്ലാൻ

7 (*738) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ആക്ഷൻ പ്ലാനിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിപ്രകാരം ഇതിനോടകം ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

(സി) ഈ പദ്ധതികൊണ്ട് ഉണ്ടാകുന്നതായി കണക്കാക്കപ്പെടുന്ന നേട്ടങ്ങൾ എന്തെല്ലാം :

(ഡി) ഈ പദ്ധതിക്കായി എന്തു ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) ഇതിനാവശ്യമായ ഫണ്ട് എവിടെയെല്ലാം നിന്നാണ് ലഭ്യമാക്കിയിട്ടുള്ളത് ;

(എഫ്) ഈ പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ സാങ്കേതിക ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഒരു റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിച്ച് അതുവഴി അറ്റകുറ്റപ്പണികൾ ഏറ്റവും അത്യാവശ്യമായിടത്ത് മുൻഗണനാക്രമത്തിൽ ചെയ്യുക. PWD കോഡ്, മാനുവൽ, ഡാറ്റാബുക്ക്, specifications എന്നിവ പരിഷ്കരിക്കുക, കരാർ നടപടിക്രമങ്ങൾ നവീകരിക്കുക തുടങ്ങിയവയാണ് ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ആക്ഷൻ പ്ലാൻ വഴി ചെയ്യാൻ ഉദ്ദേശിക്കുന്ന പല കാര്യങ്ങളിൽ പ്രധാനമായവ.

(ബി) നടപടികൾ ആരംഭിച്ചു വരികയാണ്. പ്രാരംഭമായി ചീഫ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ടി പ്രവർത്തനങ്ങൾക്കായുള്ള രൂപരേഖകൾ തയ്യാറാക്കി വരുന്നു. ഒരു വിവര സാങ്കേതിക സെന്റർ രൂപീകരിക്കുകയും റോഡുകൾ പല ഏജൻസികൾ കുഴിക്കുന്നത് ഒഴിവാക്കാനായി കമ്പ്യൂട്ടർ ശൃംഖല വഴി നടപ്പാക്കാനാവുന്ന ഒരു പ്രോട്ടോക്കോളിന് രൂപം കൊടുത്തു വരുകയുമാണ്.

(സി) ഏറ്റവും ആധുനികമായ റോഡ് മേൽനോട്ടവകുപ്പായി പൊതുമരാമത്ത് വകുപ്പിനെ മറ്റാൻ കഴിയണമെന്നതാണ് ലക്ഷ്യമിട്ടിരിക്കുന്ന നേട്ടം.

(ഡി & ഇ) ഏകദേശം 40 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഈ തുക കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പദ്ധതിയ്ക്ക് ലഭിക്കുന്ന ലോകബാങ്ക് സഹായത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.

(എഫ്) സാങ്കേതിക ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ ഉദ്ദേശമില്ല.

റസ്റ്റ് ഹൗസുകൾ പാട്ടത്തിന് നൽകുന്നതിനുള്ള മാനദണ്ഡം

8 (*739) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റസ്റ്റ് ഹൗസുകൾ പാട്ടത്തിന് നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly